**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964</u>** **<u>12-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണയം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | നിലവിൽ ആകെ 25.16 ച.കീ.മീ വിസ്തീർണ്ണമുള്ള തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസ മേഖലയായ 8.9725 ച.കീ.മീ ഒഴിവാക്കി, പകരം മൂന്നാർ വനം ഡിവിഷന്റെ പരിധിയിലുള്ള നേരിയമംഗലം റെയിഞ്ചിലെ പക്ഷി സംരക്ഷണ പ്രാധാന്യമുള്ള 10.1694 ച.കീ.മീ വനപ്രദേശം തട്ടേക്കാട് പക്ഷി സങ്കേതത്തോട് കൂട്ടിച്ചേർക്കുന്നതിനുള്ള പ്രൊപ്പോസൽ, വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 26 എ (3) യുടെ വെളിച്ചത്തിൽ, തുടർനടപടികൾക്കായി, 25.01.2024-ലെ ഡി2/111/2020/വനം നമ്പർ സർക്കാർ കത്ത് പ്രകാരം, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ, സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. |
| (ബി) | ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കി പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ ആകെ 25.16 ച.കീ.മീ വിസ്തീർണ്ണമുള്ള തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസ മേഖലയായ 8.9725 ച.കീ.മീ ഒഴിവാക്കി, പകരം മൂന്നാർ വനം ഡിവിഷന്റെ പരിധിയിലുള്ള നേരിയമംഗലം റെയിഞ്ചിലെ പക്ഷി സംരക്ഷണ പ്രാധാന്യമുള്ള 10.1694 ച.കീ.മീ വനപ്രദേശം തട്ടേക്കാട് പക്ഷി സങ്കേതത്തോട് കൂട്ടിച്ചേർക്കുന്നതിനുള്ള പ്രൊപ്പോസൽ, വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 26 എ (3) യുടെ വെളിച്ചത്തിൽ, തുടർനടപടികൾക്കായി, 25.01.2024-ലെ ഡി2/111/2020/വനം നമ്പർ സർക്കാർ കത്ത് പ്രകാരം, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ, സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ